പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.250** **25.04.2017- ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.സി.ജോർജ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ; | (എ) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക്, ജില്ലാതല കമ്മറ്റി അംഗീകരിച്ച തുക, പ്രീ ഓതറൈസേഷൻ മുഖേനയും, സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷിച്ച് ചികിത്സാ പാക്കേജ് അനുസരിച്ചുള്ള തുകയുടെ അനുമതി പത്രം മുഖേനയും ബന്ധപ്പെട്ട ആശുപത്രികളിൽ ചികിത്സ നൽകിവരുന്നു. ഇതിനു പുറമെ ഡയാലിസിസ് രോഗികൾക്ക് ടൈം ഷെഡ്യൂൾ പ്രകാരവും ചികിത്സ നൽകി വരുന്നു. അതിനുപരി വൃക്ക രോഗികൾക്ക് നൽകിയിരുന്ന പരമാവധി 2 ലക്ഷം രൂപ ധനസഹായം ഇപ്പോൾ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹീമോഫീലിയ രോഗത്തിന് തുക പരിധിയില്ലാതെ ഫാക്ടർ വിതരണം ചെയ്തുവരുന്നു. |
| (ബി) പാവപ്പെട്ട രോഗികൾക്ക് വളരെ സഹായകരമാകുന്ന ഈ പദ്ധതിയുടെ നിലവാരം ഉയർത്തി, ഫണ്ട് നൽകി ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാരുണ്യ പദ്ധതിക്ക് എത്ര കോടി രൂപ സഹായം നൽകിയിട്ടുണ്ട്; തുകയും തീയതിയും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണത്തിനായി 20.09.2016-ന് 50 കോടി രൂപയും 23.11.2016-ന് 100 കോടി രൂപയും 25.02.2017 ന് 100 കോടി രൂപയും ഉൾപ്പെടെ ആകെ 250 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ കാരുണ്യ പദ്ധതി പ്രകാരം ഹൃദയത്തിൽ സ്റ്റെന്റ് ഇടുന്നതിലേക്കായി എത്ര കോടി രൂപ ഈ സർക്കാർ നൽകിയിട്ടുണ്ട്; തുക ലഭ്യമാക്കിയ മെഡിക്കൽ കോളേജുകളുടെ പേരുകൾ, തുക, തീയതി എന്നിവ വെളിപ്പെടുത്തുമോ; | (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഹൃദയ ശസ്ത്രക്രിയയ്ക്കാണ് ചികിത്സിയ്ക്കുന്ന ഡോക്ടർമാർ രോഗിക്ക് നൽകുന്ന എസ്റ്റിമേറ്റ് അനുസരിച്ച് തുക വിതരണം ചെയ്യുന്നത്. അതിനാൽ സ്റ്റെന്റ് മാത്രം ഇടുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല. |
| (ഇ) | സ്റ്റെന്റിനും മറ്റുമുള്ള തുക മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകിയിട്ടുണ്ടെങ്കിലും ഈ തുക അവ ലഭ്യമാക്കിയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ